**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Ajithkumar M P)**

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–ജീവനക്കാര്യം- തേർഡ് ഗ്രേഡ് ഓവർസീയർ / തേർഡ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിലെ നിയമനം ക്രമവത്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1) സ.ഉ.(സാധാ) നം. 2166/2023/LSGD തീയതി:03.11.2023
2) തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.01.2024 ലെ LSGD/PD/68134/2023-DEE2 നമ്പർ ഉത്തരവ്
3) തൃശ്ശൂർ ജില്ലാ പോലീസ് മേധാവിയുടെ 04.06.2025 തീയതിയിലെ 220/SB/VR/SS/25/RC നമ്പർ വെരിഫിക്കേഷൻ റിപ്പോർട്ട്

**ഉത്തരവ് നമ്പർ** LSGD/PD/57036/2023-DEE2 **തീയതി: 02-07-2025**

മേൽ പരാമർശം (1) ഉത്തരവ് പ്രകാരം ആശ്രിതനിയമന വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണവകുപ്പിൽ തേർഡ് ഗ്രേഡ് ഓവർസീയർ / തേർഡ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ നിയമിതയായ ശ്രീമതി. ഗീതിക രവീന്ദ്രൻ എന്നവർ മേൽ പരാമർശം (2) ഉത്തരവ് പ്രകാരം 22/01/2024 പൂർവ്വാഹ്നം ടി തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ട്. ടിയാൾക്കനുകൂലമായ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് പരാമർശം (3) പ്രകാരം ലഭ്യമായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി. ഗീതിക രവീന്ദ്രൻ എന്നവരുടെ തദ്ദേശസ്വയംഭരണ വകുപ്പിലെ തേർഡ് ഗ്രേഡ് ഓവർസീയർ / തേർഡ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിലെ നിയമനം ടിയാൾ സേവനത്തിൽ പ്രവേശിച്ച 22/01/2024 തീയതി മുതൽ ക്രമവത്കരിച്ച് ഉത്തരവാകുന്നു.

നിയമനം ക്രമവത്കരിച്ച തീയതി മുതൽ ടിയാളുടെ നിരീക്ഷണകാലം ആരംഭിക്കുന്നതാണ്. ബന്ധപ്പെട്ട നിയന്ത്രണാധികാരി നിയമനം ക്രമവത്കരണവുമായി ബന്ധപ്പെട്ട ആവശ്യമായ രേഖപ്പെടുത്തലുകൾ ടി ജീവനക്കാരിയുടെ സേവനപുസ്തകത്തിൽ വരുത്തേണ്ടതാണ്.

Ajithkumar M P
ADDITIONAL DIRECTOR

ബന്ധപ്പെട്ട ജീവനക്കാരിയ്ക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :

1. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തൃശ്ശൂർ
2. സൂപ്രണ്ട്, ഐ.റ്റി. സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
3. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 02-07-2025 17:35:01